5328
2/11 LSGE
24/11

കേരള സർക്കാർ

നം.71415/എ.എ1/2008/തസ്വഭവ തദ്ദേശ സ്വയംഭരണ (ഐ.എ)വകുപ്പ്
തിരുവനന്തപുരം, തീയതി 07/11/2008

## സർക്കുലർ

വിഷയം:- കുടുംബശ്രീ - ആശ്രയ അഗതി പുനരധിവാസ പദ്ധതി - നിർവ്വഹണ പുരോഗതി വിലയിരുത്തുന്നത് - സംബന്ധിച്ച്

സൂചന:- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.10.2008 ലെ കെ.എസ്./എ2/2348/2002 നമ്പർ കത്ത്

അഗതി കുടുംബങ്ങളുടെ പുനരധിവാസ പദ്ധതിയായ ആശ്രയയുടെ സുഗമവും കാര്യക്ഷമവുമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിന് ജില്ലാ ആസൂത്രണ സമിതികൾ പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി മൂന്നുമാസത്തിലൊരിക്കൽ വിലയിരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. ആശ്രയ പ്രോജക്ട് നടപ്പാക്കി വരുന്ന ഗ്രാമപഞ്ചായത്തുകളുടെ പ്രസിഡന്റ്മാർ, മുനിസിപ്പാലിറ്റികളുടെയ ചെയർപേഴ്സൺമാർ, കോർപ്പറേഷൻ മേയർ എന്നിവരേയും ആശ്രയ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥരേയും അവലോകന യോഗത്തിൽ പങ്കെടുപ്പിക്കണം. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടെയാണ് ആശ്രയ പ്രോജക്ട് നടപ്പാക്കുന്നത് എന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാരേയും ജില്ലാ പഞ്ചായത്തിന്റെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനേയും കൂടി യോഗത്തിൽ പങ്കെടുപ്പിക്കണം.

അവലോകന യോഗത്തിന് ഒരാഴ്ച മുൻപ് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രവർത്തന പുരോഗതിയും ചെലവുകണക്കുകളും നിശ്ചിത ഫോർമാറ്റിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് റിപ്പോർട്ട് ചെയ്യണം. പ്രവർത്തന പുരോഗതി റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഫോർമാറ്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തയ്യാറാക്കി ജില്ലാ മിഷൻ മുഖേന ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ലഭ്യമാക്കുന്നതാണ്. ഗ്രാമപഞ്ചായത്തുകളും നഗരസഭകളും റിപ്പോർട്ട് ചെയ്യുന്ന വിവരങ്ങൾ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ക്രോഡീകരിച്ച് യോഗത്തിൽ ചർച്ച ചെയ്യുന്നതിനുള്ള കുറിപ്പ് തയ്യാറാക്കണം. അവലോകനയോഗത്തെത്തുടർന്ന് ആശ്രയ

പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രശ്നങ്ങൾ, അവ പരിഹരിക്കുന്നതിന് ജില്ലാ തലത്തിൽ നടപടി ആവശ്യമായവ, സംസ്ഥാനതലത്തിൽ നടപടി ആവശ്യമായവ എന്നിങ്ങനെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും കുടുംബശ്രീ സംസ്ഥാന മിഷനും റിപ്പോർട്ട് ലഭ്യമാക്കണം. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററാണ് റിപ്പോർട്ട് അയയ്ക്കേണ്ടത്. ഈ സർക്കുലറിലെ നിർദ്ദേശപ്രകാരമുള്ള ആദ്യ അവലോകനയോഗം 2008 നവംബർ മാസം ചേരേണ്ടതാണ്.

(ഒപ്പ്)
എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം മുഖേന)
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
5. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
6. എല്ലാ ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺമാർക്കും (മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മുഖേന)
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്, തിരുവനന്തപുരം
9. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10. ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
11. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
12. മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
13. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
14. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റ്, കൊട്ടാരക്കര
15. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.

16. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , പാളയം, തിരുവനന്തപുരം
17. ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
18. എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
19. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മുഖേന)
20. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
21. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും (ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം മുഖേന)
22. എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖേന)
23. എല്ലാ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസർമാർക്കും (ചീഫ് ടൗൺപ്ലാനർ മുഖേന)
24. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക് (നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
25. ഡയറക്ടർ, ലോക്കൽഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
26. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം
27. ജനറൽ സെക്രട്ടറി, കേരളാ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
28. സെക്രട്ടറി, കേരളാ ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
29. സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ
30. സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
31. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം ~~അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)~~

പകർപ്പ്

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. ഓഫീസ് കോപ്പി/ കരുതൽ ഫയൽ
തദ്ദേശ സ്വയം ഭരണവകുപ്പ്, DA, DB, DD, Finance സെക്ഷനുകൾക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ